"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. HEALTH-G2/487/2025-HEALTH
ആരോഗ്യ കുടുംബക്ഷേമ (ജി )വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-03-2026

<u>പരിപത്രം</u>

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- KGSMA ചട്ടപ്രകാരം അംഗീകൃത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് - പ്രതിപൂരണം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

KGSMA ചട്ടപ്രകാരം അംഗീകരിക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് പ്രതിപൂരണത്തിന് സമർപ്പിക്കുന്ന അപേക്ഷകളിൽ, സർക്കാരിന്റെ പൂർവ്വകാലാനുമതി (Expost facto sanction) ലഭ്യമാകുന്നതിന് മുന്നോടിയായും, സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് പ്രതിപൂരണത്തിന് സമർപ്പിക്കുന്ന അപേക്ഷകളിലും ആരോഗ്യവകുപ്പ് ഡയറക്ടർ /ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് അനുവദനീയ തുക അറിയിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് പ്രതിപൂരണത്തിന് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, സർക്കാർ അംഗീകൃത ആശുപത്രികളിൽ നടത്തുന്ന എല്ലാ ചികിത്സകൾക്കും പ്രത്യകാനുമതി നൽകാൻ കഴിയുന്നവയുമല്ല. അതിനാൽ തന്നെ വളരെയധികം സമയവും മനുഷ്യാധ്വാനവും ചെലവാക്കി നടത്തപ്പെടുന്ന അനുവദനീയ തുക കണക്കാക്കി നൽകുന്ന നടപടി ഫലപ്രാപ്തിയിൽ എത്തുന്നില്ല എന്നുമാത്രമല്ല ആരോഗ്യ വകുപ്പ് ഡയറക്ടർ/ ജില്ലാ മെഡിക്കൽ ഓഫീസർമാർ അനുവദനീയ തുക കണക്കാക്കി നൽകിയ ശേഷം പ്രതിപൂരണാനുമതി നിഷേധിക്കുന്നത് കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ അനുവദനീയ തുക കണക്കാക്കി നൽകുന്നതിന് മുന്നോടിയായി ചുവടെ പറയുന്ന വസ്തുതകൾ ഉറപ്പാക്കേണ്ടതാണ്.

1. സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് പ്രതിപൂരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമായ കേസുകളിൽ മാത്രം അനുവദനീയ തുക കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുക.

2. സർക്കാർ അംഗീകൃത പ്രൈവറ്റ് ആശുപത്രികളിലെ മെഡിക്കൽ റിഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ,

അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ ശിപാർശ, അപ്പൻഡിക്സ് 2 എന്നിവയുടെ അഭാവത്തിൽ സമർപ്പിക്കുന്ന പ്രതിപൂരണ അപേക്ഷകളിലും സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായ ശേഷം മാത്രം അനുവദനീയ തുക കണക്കുന്നതിന് നടപടി സ്വീകരിക്കുക.

Signed by
Tharun Lal. S
Date: 17-03-2026 15:48:53

തരുൺ ലാൽ. എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിലേക്ക്)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Resmi K Nair
Date: 26-05-2026 12:37:30

സെക്ഷൻ ഓഫീസർ.